**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 641 **27.04.2017**-ലെ മറുപടിക്ക്

**<u>പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിക്കുന്നത്; അനുവദിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്നു സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ? കൂടുതൽ തുക അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 3,00,000/- രൂപയാണ് അനുവദിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വിലയും ഉയർന്ന ജോലിക്കൂലിയും മറ്റ് സാഹചര്യങ്ങളും കണക്കിലെടുത്ത് ഭവന നിർമ്മാണ ധനസഹായത്തുക 4,00,000/- രൂപയായി വർദ്ധിപ്പിക്കുന്നകാര്യം പരിശോധിച്ചു വരുന്നു. |
| (ബി) | കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്? | (ബി) | സംസ്ഥാനത്തെ ഭവനരഹിതരായതും സ്വന്തം പേരിൽ ഭൂമിയുള്ളവരുമായ 50,000/- രൂപയിൽത്താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്കാണ് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തുക അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും മുൻവർഷങ്ങളിൽ ഭൂരഹിത ധനസഹായ പദ്ധതി പ്രകാരം ഭൂമി ലഭിച്ചവർക്കും നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവർക്കും അർഹത പരിശോധിച്ച് ധനസഹായത്തിനായി പരിഗണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, കൈവശാവകാശം, മുൻകാലയളവിൽ ധനസഹായം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യ പത്രം, തിരിച്ചറിയൽ രേഖകൾ എന്നിവ |

| | | | |
|---|---|---|---|
| | | | സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (സി) | ഗുണഭോക്താക്കളുടെ എണ്ണം കൂടാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹരായ പരമാവധി ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ